പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *153 10.03.2020 ൽ മറുപടിക്ക്

**വിമാന കമ്പനിയും വിമാനത്താവളങ്ങളും സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.പ്രശാന്ത്<br>,, എസ്.ശർമ്മ<br>,, കെ. ആൻസലൻ<br>,, രാജു എബ്രഹാം : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള വിമാന കമ്പനിയും വിമാനത്താവളങ്ങളും സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നയം പ്രവാസികൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിമാനയാത്രക്കാരെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഇത്തരം നടപടികളിൽ നിന്നും പിന്തിരിയാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ; | (എ) | വ്യോമയാന മേഖലയിലെ തന്ത്രപ്രധാന സ്ഥാപനമായ എയർ ഇന്ത്യയുടെ മുഴുവൻ ഓഹരികളും കോടികൾ വിലമതിക്കുന്ന ആസ്തിയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. തിരുവനന്തപുരം ഉൾപ്പെടെ രാജ്യത്തെ വിവിധ വിമാനത്താവളങ്ങളും സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ കേന്ദ്രം ത്വരിതപ്പെടുത്തിയിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി വിമാനത്താവളം ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ ഇടപെടലുകൾ ഉൾപ്പെടെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽ നിന്നും പിന്തിരിയണമെന്ന് ബഹു. പ്രധാനമന്ത്രിയോടും, ബഹു. കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയോടും അഭ്യർത്ഥിച്ചിരുന്നു. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും സ്വീകാര്യമായ വ്യവസ്ഥകളോടെ വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. പൊതുമേഖലയെ വിറ്റുതുലയ്ക്കുന്ന നയങ്ങൾ തിരുത്തുന്നതിന് പൊതുഇടപെടലുകൾ ഉയർന്നുവരേണ്ടതുണ്ട്. |
| (ബി) | സംസ്ഥാനം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് സൗജന്യമായി നൽകിയ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനിക്ക് കൈമാറാതെ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കമ്പനി രൂപീകരിച്ച് സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങളോടുള്ള കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (ബി) | 635 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവത്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് |

| | | | |
|---|---|---|---|
| | | | വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. അതോടൊപ്പം പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തും അയച്ചിരുന്നു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തുള്ള മറ്റ് വിമാനത്താവളങ്ങളുടെ വികസനത്തിനായും ആഭ്യന്തര-വിദേശ സർവീസുകൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ ഇതര വിമാനത്താവളങ്ങളുടെ വികസനത്തിനും പ്രത്യേക ഊന്നൽ നൽകി വരുന്നു. കണ്ണൂർ വിമാനത്താവളത്തിൽ ഹജ്ജ് എമ്പാർക്കേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനും കാർപാർക്കിംഗ് സൗകര്യങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന് നടപടി സ്വീകരിച്ചുവരുന്നു. ആഭ്യന്തര - അന്താരാഷ്ട്ര വിമാന സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിവിധ എയർ ലൈനുകളുടെ CEO മാരുമായി 2019 ജനുവരിയിലും ആഗസ്റ്റിലും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 4 വിമാനത്താവളങ്ങളിൽ നിന്നും അധിക വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർലൈനുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്. അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വിമാനയാത്രക്കൂലിയിൽ വൻ വർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യവും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ